**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1794** **29-07-2021 - ൽ മറുപടിയ്ക്ക്**

**ടൈപ്പിസ്റ്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ടൈപ്പിസ്റ്റ് തസ്തികയുടെ പേരുമാറ്റം കഴിഞ്ഞ പത്തും പതിനൊന്നും ശമ്പള കമ്മീഷനുകൾ ശിപാർശ ചെയ്തിട്ടും ആയത് നിലവിൽ വന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയുടെ പേര് മാറ്റുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്.പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ടൈപ്പിസ്റ്റ് തസ്തികയുടെ പേരുമാറ്റം ശിപാർശ ചെയ്തിരുന്നുവെങ്കിലും ഉത്തരവ് ആയിരുന്നില്ല. പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ടി ശിപാർശ ചെയ്തിട്ടില്ല. പ്രസ്തുത തസ്തികയുടെ പേര് മാറ്റുന്നതിന് നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുമോ; പതിനാല് ജില്ലകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | ടൈപ്പിസ്റ്റുമാരുടെ പുനർവിന്യാസം സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; പുനർവിന്യാസത്തിന്റെ പേരിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ 2021 ജൂൺ 2-ാം തീയതി നാല് ടൈപ്പിസ്റ്റ് തസ്തികയും ഒരു ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയും നിലവിലുള്ള ജീവനക്കാർ വിരമിച്ച മുറയ്ക്ക് ഇല്ലാതാക്കിയതായി അറിയുന്നു; പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ